സുഗന്ധവ്യഞ്ജന മേഖലയിലെ സംരംഭങ്ങൾക്ക് കരുത്തേകാൻ സ്പൈസസ് ബോർഡും ഐ.ഐ.എസ്.ആർ ആസ്ഥാനമായുള്ള അഗ്വഞ്ചർ ടി.ബി.ഐയും ധാരണാപത്രം ഒപ്പുവച്ചു.

Posted On: 23 JUL 2026 4:36PM by PIB Thiruvananthpuram

സുഗന്ധവ്യഞ്ജന മേഖലയിലെ നൂതന സംരംഭകത്വത്തിനും കയറ്റുമതി കേന്ദ്രീകൃത സ്റ്റാർട്ടപ്പുകൾക്കും പ്രോത്സാഹനം നൽകുന്നതിനായി കൊച്ചിയിലെ സ്പൈസസ് ബോർഡും ഐ.സി.എ.ആർ – ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം ആസ്ഥാനമായുള്ള അഗ്വഞ്ചർ ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്ററും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.

സ്പൈസസ് ബോർഡിന്റെ കയറ്റുമതി പ്രോത്സാഹന പദ്ധതിയായ ആസ്പയർ സ്കീമിന്റെ ഇൻക്യൂബേഷൻ സെന്ററായി ഇനി അഗ്വഞ്ചർ ടിബിഐ പ്രവർത്തിക്കും. കൊച്ചി സ്പൈസസ് ബോർഡ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ ബോർഡ് സെക്രട്ടറി എം.എസ്. മണിവണ്ണൻ IAS , അഗ്വഞ്ചർ ടിബിഐ സെക്രട്ടറി ഡോ. വി.കെ. സജേഷിന് ധാരണാപത്രം കൈമാറി.

ഇതിലൂടെ സുഗന്ധവ്യഞ്ജന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും ഗവേഷണ പിന്തുണ, സാങ്കേതികവിദ്യ കൈമാറ്റം, ഉൽപ്പന്ന വികസനം, ഇൻക്യൂബേഷൻ, ബിസിനസ് മെന്ററിങ്,

ധനസഹായം ലഭ്യമാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്നിവ ഏകോപിതമായി ലഭ്യമാകും.

ഐ.ഐ.എസ്.ആറിൽ പ്രവർത്തിക്കുന്ന അഗ്വെഞ്ചർ ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്റർ കാർഷിക-അനുബന്ധ മേഖലകളിലെ സാങ്കേതികവിദ്യ അധിഷ്ഠിത സംരംഭങ്ങളെ വളർത്തിയെടുക്കുന്നതിനുള്ള കേന്ദ്രമാണ്. ഗവേഷണഫലങ്ങളുടെ വാണിജ്യവൽക്കരണം, സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ, വ്യവസായ-അക്കാദമിക് സഹകരണം, എം.എസ്.എം.ഇകൾക്കും കർഷക ഉൽപ്പാദക സംഘടനകൾക്കും പിന്തുണ, ശേഷി വികസന പരിശീലനങ്ങൾ എന്നിവയ്ക്കാപ്പം സുഗന്ധവ്യഞ്ജന മേഖലയിലെ ഗവേഷണ-ഉൽപ്പന്ന വികസനത്തിനാവശ്യമായ പൈലറ്റ് പ്ലാന്റ് സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

ധാരണാപത്രത്തിന്റെ ഭാഗമായി രൂപീകരിക്കുന്ന സ്പൈസസ് ഇൻക്യൂബേഷൻ സെന്റർ വഴി കയറ്റുമതിക്കായി മൂല്യവർധിത സുഗന്ധവ്യഞ്ജന ഉൽപ്പന്നങ്ങളും നൂതന സാങ്കേതികവിദ്യകളും വികസിപ്പിക്കാൻ സ്റ്റാർട്ടപ്പുകൾ, ചെറുകിട-ഇടത്തരം സംരംഭങ്ങൾ, കയറ്റുമതിക്കാർ, കർഷക ഉൽപ്പാദക സംഘടനകൾ എന്നിവർക്ക് സമഗ്ര പിന്തുണ ലഭ്യമാക്കുമെന്ന് അധികൃതർ അറിയിച്ചു.
ചടങ്ങിൽ ഐ.ഐ.എസ്.ആർ ഡയറക്ടർ ഡോ. ആർ. ദിനേശ്, നിഫ്ടെം-തഞ്ചാവൂർ ഡയറക്ടർ പ്രൊഫ. വി. പളനിമുത്തു, ഐ.ഐ.ടി പാലക്കാട് ഇൻക്യൂബേഷൻ സെന്റർ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. മിധു, സ്പൈസസ് ബോർഡ് മാർക്കറ്റിങ് ഡയറക്ടർ ബി. എൻ. ത്യാ, അസിസ്റ്റന്റ് ഡയറക്ടർ വിജീഷ്ണ വി, സനോജ്. കെ. എൽ. എന്നിവർ പങ്കെടുത്തു.





***

(Release ID: 2288339) Visitor Counter : 14
Read this release in: English